# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.563 05-06-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. പി.കെ.ശശി

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ജി.എസ്.ടി.യുടെ പ്രതിഫലനം</u>**

| | | |
|---|---|---|
| (എ) | ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ; | ജി.എസ്.ടിയ്ക്കു മുൻപ് നിലവിലുണ്ടായിരുന്ന പരോക്ഷനികുതികളെല്ലാം ഏകീകരിച്ചാണ് ജി.എസ്.ടി നടപ്പിലാക്കിയത്. ഇതിലൂടെ സർവീസ് മേഖലയിൽ നിന്നുള്ള വരുമാനവും സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. ജി.എസ്.ടി യിൽ നികുതി ശൃംഖല വിപുലമാകുകയും ജി.എസ്.ടി ഘടന നികുതി ചോർച്ചയ്ക്കുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ നികുതിവരുമാനം കാലക്രമേണ കൂടും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതോടെ നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന അധികാരം പരിമിതപ്പെട്ടു. നികുതി നിരക്കുകൾ മാറ്റുന്നതിനോ നികുതി ഭരണ ചിട്ടകളിൽ മാറ്റം വരുത്തുന്നതിനോ സംസ്ഥാനങ്ങൾക്ക് കഴിയില്ല. ചരക്കുകളുടെ മേലുള്ള നികുതി ഭാരം മുമ്പുണ്ടായിരുന്ന മൊത്തം എക്സൈസ്, വാറ്റ് തുടങ്ങിയ നികുതികളെക്കാൾ മൂന്നിലൊന്നെങ്കിലും കുറഞ്ഞെങ്കിലും സാധനവില കുറഞ്ഞില്ല. ചരക്ക് സേവന നികുതിയുടെ നേട്ടം ജനങ്ങൾക്കല്ല മറിച്ച് വൻകിട കോർപ്പറേറ്റുകൾക്കാണ് ലഭിച്ചത്. ഇക്കാര്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ച് ആന്റിപ്രോഫിറ്റിയറിംഗ്ക്ലോസ് നിയമത്തിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാനം മുൻകൈയെടുത്തു. എക്സൈസ് നികുതി ബാധകമല്ലാതിരുന്ന ചെറുകിട സ്ഥാപനങ്ങളുടെ മേൽ നികുതി ഏർപ്പെടുത്തിയത് ആ മേഖലയെ പ്രതികൂലമായി ബാധിച്ചു. സമീപകാലത്ത് മാത്രമാണ് നികുതി പരിധി ഒന്നരക്കോടി രൂപയായി ഉയർത്തി ഇതിനൊരു പരിധിവരെ പരിഹാരം കാണാൻ ശ്രമിച്ചത്. റീഫണ്ട് കിട്ടാത്തത് കയറ്റുമതി മേഖലക്ക് കനത്ത ആഘാതമായി. |

| | | |
|---|---|---|
| | | ജി.എസ്.ടി. ഭരണ സംവിധാനം പൂർണ തോതിൽ പ്രാവർത്തികമാകാത്തതും ഇ-വേ ബിൽ നടപ്പിലാക്കുവാൻ വൈകിയതും നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. നിർദിഷ്ട നികുതിയിൽ ലയിപ്പിച്ച പരോക്ഷ നികുതികളുടെ തോതും ജി.എസ്.ടി. യിലൂടെ സമാഹരിക്കുവാൻ സാധിച്ചതും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു. ചരക്ക് സേവന നികുതിയുടെ വരവോടുകൂടി കേരളത്തിന്റെ നികുതിവരുമാനം 20-25 ശതമാനം വളരുമെന്ന് പ്രതീക്ഷിച്ചിരുന്നു. കേരളത്തിൽ വാറ്റ് നികുതിയുടെ സിംഹഭാഗവും 14.5 ശതമാനം നിരക്കിലുള്ള ചരക്കുകളിൽ നിന്നും ആയിരുന്നു. ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് ആദ്യം നിശ്ചയിച്ച 28 ശതമാനത്തിൽ നിന്നും 18 ലേക്ക് താഴ്ത്തിയപ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്ത് ഉപയോഗിക്കുന്ന ചരക്കുകളുടെ 75 ശതമാനമെങ്കിലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാകയാൽ എസ്.ജി.എസ്.ടി. യേക്കാൾ വളരെ മെച്ചപ്പെട്ട ഐ.ജി.എസ്.ടി. ലഭിക്കേണ്ടതായിരുന്നുവെങ്കിലും ഈ ഇനത്തിലുള്ള വരവിൽ പ്രതീക്ഷിച്ച പുരോഗതി ദൃശ്യമായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയതോടു കൂടി ചെക്ക്പോസ്റ്റുകൾക്ക് നിയമ പ്രാബല്യമില്ലാതായതാണ് ഈ ചോർച്ചക്ക് പ്രധാന കാരണം. |
| (ബി) | ജി.എസ്.ടി നടപ്പാക്കിയ ശേഷം സംസ്ഥാനത്തിന് നികുതി വരുമാനം ലഭ്യമാകേണ്ട വരുമാന സ്രോതസ്സുകൾ ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത വരുമാന സ്രോതസ്സുകളിൽ നിന്നും ധനകാര്യ വകുപ്പ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയും ലഭ്യമായ തുകയും സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; | ജി.എസ്.ടി യ്ക്കു മുൻപ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പരോക്ഷനികുതികളായ വാറ്റ്, സി.എസ്.ടി, ആഡംബര നികുതി, പരസ്യനികുതി എന്നിവയും കേന്ദ്രപരോക്ഷ നികുതികളും ഏകോപിപ്പിച്ചാണ് ജി.എസ്.ടി നടപ്പിലാക്കിയത്. ജി.എസ്.ടി നിയമപ്രകാരം സംസ്ഥാനത്തിന്റെ ജി.എസ്.ടി നികുതിയും എസ്.ജി.എസ്.ടി നികുതി അടയ്ക്കുന്നതിനുപയോഗിക്കുന്ന ഐ.ജി.എസ്.ടി ക്രെഡിറ്റ് തുകയും സംസ്ഥാനത്തിനു ലഭിക്കും. ഇതു കൂടാതെ ഇ-കോമേഴ്സ് വ്യാപാരത്തിലൂടെയും സ്വന്തം ആവശ്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കൊണ്ടുവരുന്ന |

| | | |
|---|---|---|
| | | സാധനങ്ങളിന്മേൽ അടയ്ക്കുന്ന നികുതിയുടെ എസ്.ജി.എസ്.ടി വിഹിതവും സംസ്ഥാനത്തിന് ലഭിക്കും. ജി.എസ്.ടി യ്ക്കു പുറമേ പെട്രോൾ, ഡീസൽ തുടങ്ങിയ മേഖലയിൽ നിന്നും മദ്യമേഖലയിൽ നിന്നുമുള്ള കെ.ജി.എസ്.ടി നികുതിയും സംസ്ഥാന സർക്കാരിന് ലഭിക്കുന്നുണ്ട്. |
| (സി) | ജി.എസ്.ടി. നടപ്പാക്കിയ ശേഷം ജി.എസ്.ടി. കൗൺസിൽ എത്ര തവണ യോഗം ചേർന്നുവെന്നും അതിൽ സംസ്ഥാന ധനകാര്യ വകുപ്പ് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുവെന്നും അവയിൽ കൗൺസിൽ അംഗീകരിച്ചവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ? | ജി.എസ്.ടി. നടപ്പാക്കിയ ശേഷം ജി.എസ്.ടി. കൗൺസിൽ 9 തവണ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രധാന വിഷയങ്ങളും ജി.എസ്.ടി. കൗൺസിലിലെ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.<br>കോമ്പൗണ്ടിംഗ് പരിധി ഒരു കോടിയായി ഉയർത്തി. പ്രാപ്യസ്ഥാന നികുതി നിയമത്തിൽ വ്യക്തത വരുത്തുന്നതിനായി കഴിഞ്ഞു. സംസ്ഥാന ലോട്ടറിക്കും അന്യ സംസ്ഥാന ലോട്ടറിക്കും വ്യത്യസ്ത നിരക്കു കൊണ്ടുവരാൻ കഴിഞ്ഞു. ആന്റി-പ്രോഫിറ്റീയറിംഗ് നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനു സാധിച്ചു. ചരക്കു നീക്കം സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം വേഗത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഇത് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് പ്രാപ്യാധിഷ്ഠിത നികുതി കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഹായിക്കും. ഇ-കോമേഴ്സ് മേഖലയെ ജി.എസ്.ടിയിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഗവണ്മെന്റ് വർക്ക്സ് കോൺട്രാക്ടുകൾക്ക് നികുതി 18% ൽ നിന്ന് 12% ആയി കുറച്ചു. 70% ന് മുകളിൽ ലേബർ മാത്രമുള്ള വർക്കുകളുടെ നികുതി 5% ആയി കുറച്ചു. അൺബ്രാൻഡഡ് ആയ ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മെഡിസിനുകൾക്ക് നികുതി 12 % ൽ നിന്ന് 6% ആക്കി. പ്ലാസ്റ്റിക് വേസ്റ്റ്, സ്ക്രാപ്പ്, ഇ-വേസ്റ്റ്, ഗ്ലാസ് സ്ക്രാപ്പ് എന്നിവയ്ക്ക് 18% ൽ നിന്നും 5% ഉം പേപ്പർ വേസ്റ്റിന് 12% ൽ നിന്നും 5% ആയും കുറച്ചു. റബർ മേഖലയിൽ റബർ ബാൻഡിന് 28% ൽ നിന്നും 12% ആയും റബർ വേസ്റ്റ്, സ്ക്രാപ്പ് എന്നിവയ്ക്ക് 18% ൽ നിന്നും 5% ആയും ഹാർഡ് റബർ വേസ്റ്റിന് 28% ൽ |

| | | |
|---|---|---|
| | | നിന്നും 5% ആയും കുറച്ചു. പ്രവാസികൾ ഗിഫ്റ്റ് അയക്കുന്ന 5000/- രൂപ വരെയുള്ള സാധനങ്ങൾക്ക് ഐ.ജി.എ.സ്.ടി. ഒഴിവാക്കി. ഖാദി മേഖലയിൽ ഖാദി കമ്മീഷൻ സ്റ്റോറുകൾ വഴി വിൽക്കുന്ന വസ്തുങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കി. റസ്റ്റോറന്റ് മേഖലയിൽ നികുതി പരിഷ്കരിച്ചു. കോമ്പൗണ്ടിംഗ് വ്യവസ്ഥ കൊണ്ടുവരികയും നികുതി നിരക്ക് 5% ആയി കുറയ്ക്കുകയും ചെയ്തു. ചെറുകിട മേഖലയിൽ കവറുകളിൽ വിൽക്കുന്ന സെമികുക്ക്ഡ് ചപ്പാത്തി തുടങ്ങിയവയുടെ നികുതി നിരക്ക് 5% ആയി കുറച്ചു. ടൂറിസം മേഖലയിൽ ഹൗസ് ബോട്ടുകളെ ടൂർ ഓപ്പറേറ്റർ പാക്കേജിൽ ഉൾപ്പെടുത്തി നികുതി നിരക്ക് 28% ൽ നിന്നും 5% ആയി കുറച്ചു. ഇതു കൂടാതെ 22-)മത് ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം 15.11.2017 മുതൽ 28% ഉണ്ടായിരുന്ന കൂടുതൽ സാധനങ്ങളുടെയും നികുതിനിരക്ക് 18% ഉം 12% ആയി കുറയ്ക്കുകയുണ്ടായി. |

അക്കൗണ്ട്സ് ഓഫീസർ